# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 5724

02.07.2019-ൽ മറുപടിയ്ക്ക്.

## പാലിൽ മായം ചേർക്കൽ

**ചോദ്യം**

**ശ്രീ.മുല്ലക്കര രത്നാകരൻ**

പാലിൽ മായം ചേർക്കുന്നതുമായി ബന്ധപ്പെട്ട് കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കാമോ; 2018-ൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ.കെ രാജു**
(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

ക്ഷീരവികസന വകുപ്പിന് പാലിൽ മായം ചേർക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനുള്ള അധികാരം നിലവിൽ ഇല്ല. നിശ്ചിത ഗുണനിലവാരം ഇല്ലാത്തതായോ മായം കലർത്തിയതായോ പാൽ സാമ്പിളുകൾ കണ്ടെത്തിയാൽ ടി സാമ്പിളുകളെ സംബന്ധിച്ച വിവരം ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്.

സംസ്ഥാനത്തൊട്ടാകെ മാർക്കറ്റിൽ ലഭ്യമായ പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ ശേഖരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ പ്രോസിക്യൂഷൻ / അഡ്ജ്യൂഡിക്കേഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

2018 ജനുവരി മുതൽ പരിശോധനയ്ക്കായി ശേഖരിച്ച സാമ്പിളുകളിൽ 7 എണ്ണം ഗുണനിലവാരമില്ലാത്ത-താണെന്ന് കണ്ടെത്തിയതിനാൽ ഇവയ്ക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടിയും ശ്രീലക്ഷ്മി, കൊല്ലം എന്ന ബ്രാൻഡ് പാലിൽ ലാബ് പരിശോധനയിൽ Maltodextrin എന്ന രാസപദാർത്ഥത്തിന്റെ സാന്നിദ്ധ്യം കണ്ടെത്തിയതിനാൽ പ്രോസിക്യൂഷൻ നടപടിയും ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**